**കേരള സർക്കാർ**

നം.8414/ഡിഎ1/2015/തസ്വഭവ

തദ്ദേശസ്വയംഭരണ(ഡി.എ)വകുപ്പ്,

തിരുവനന്തപുരം, തീയതി :23.03.2015.

**സർക്കുലർ**

വിഷയം:-തദ്ദേശസ്വയംഭരണവകുപ്പ്- കെ.എൽ.ജി.എസ്.ഡി.പി-2014-15 വാർഷിക പ്രവർത്തന വിലയിരുത്തൽ നടത്തിപ്പ്-സംബന്ധിച്ച്.

സൂചന :-29.12.2014-ലെ 53764/എ.എ1/2014/തസ്വഭവ നമ്പർ സർക്കുലർ.

കെ.എൽ.ജി.എസ്.ഡി.പി യുടെ 2014-15 പെർഫോമൻസ് ഗ്രാന്റിന് അർഹരായ ഗ്രാമപഞ്ചായത്തുകളേയും മുനിസിപ്പാലിറ്റികളേയും തിരഞ്ഞെടുക്കുന്നതിനുള്ള വാർഷിക പ്രവർത്തന വിലയിരുത്തൽ പൂർത്തീകരിച്ചിരിക്കുകയാണ്. ഇതനുസരിച്ച് 848 ഗ്രാമപഞ്ചായത്തുകളും 46 മുനിസിപ്പാലിറ്റികളും പെർഫോമൻസ് ഗ്രാന്റിനുള്ള അർഹത നേടിയിട്ടുണ്ട്. വിശദ വിവരങ്ങൾ കെ.എൽ.ജി.എസ്.ഡി.പി യുടെ വെബ്സൈറ്റിൽ (**www.klgsdp.org**) ലഭ്യമാണ്.

പെർഫോമൻസ് ഗ്രാന്റിന് അർഹത നേടിയ പഞ്ചായത്തുകൾക്കും മുനിസി പ്പാലിറ്റികൾക്കും അനുവദിച്ചിട്ടുള്ള തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമി ക്കുകയാണ്. ഈ തുക കാര്യക്ഷമമായി ഉപയോഗിക്കുന്നതിനായുള്ള നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൈക്കൊള്ളേണ്ടതാണ്. ആയതിലേക്ക് പെർഫോമൻസ് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രോജക്ടുകളിൽ കെ.എൽ.ജി.എസ്.ഡി.പി യുടെ മാനദണ്ഡങ്ങൾക്കനുസൃതമായ പ്രോജക്ടുകളുടെ നടത്തിപ്പിലേക്കായി ഈ ഗ്രാന്റ് ഉപയോഗിക്കാം. ഇങ്ങനെ ലോകബാങ്ക് സഹായം നഷ്ടപ്പെടാതെ പരമാവധി വിനിയോഗിക്കേണ്ടതും പ്ലാൻ ഫണ്ട് ലാപ്സാകാത്ത വിധത്തിൽ പ്രോജക്ടുകൾ പൂർത്തിയാക്കേണ്ടതുമാണ്.

ഡി.പി.സി. അംഗീകരിച്ചതും എന്നാൽ നടപ്പാക്കാത്തതുമായ (കെ.എൽ.ജി.എസ്.ഡി.പി മാനദണ്ഡങ്ങൾക്ക് വിധേയമായ) പുതിയ പ്രോജക്ടുകൾ നടപ്പാക്കാനായി പെർഫോമൻസ് ഗ്രാന്റ് വിനിയോഗിക്കാം. ഇപ്രകാരം കെ.എൽ.ജി.എസ്.ഡി.പി ഫണ്ട് വിനിയോഗിക്കുന്നതിന് ആവശ്യമായ ഭേദഗതികൾ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും പ്രോജക്ടിൽ അടിയന്തിരമായി വരുത്തേണ്ടതാണ്.

കെ.എസ്. ശോഭന,
**ജോയിന്റ് സെക്രട്ടറി,**
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി.

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
3. പ്രോജക്ട് ഡയറക്ടർ, കെ.എൽ.ജി.എസ്.ഡി.പി
4. എല്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
5. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും (നഗരകാര്യ വകുപ്പ് മുഖേന)
6. എക്സിക്യൂട്ടീവ് ഡയറക്ടർ ആന്റ് ചെയർമാൻ, ഐ.കെ.എം.
7. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
8. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്)
9. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ)
10. തദ്ദേശസ്വയംഭരണ (എ.എ) വകുപ്പ്
    സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.